

# ശീ ശീ ശൂ ശൂ..!

● മധു ആലപ്പടമ്പ്

കാശിക്കു പോകവെ
ശീ ശീ ദോശക-
ണ്ടാശിച്ചു ശാപ്പിട്ടു
കേശുവാശാൻ..!
കീശയിൽ വച്ചൊരാ
കാശൊക്കെയാശയാൽ
ദോശ തിന്നിട്ടങ്ങു
ശൂ..ശൂവായി..!

# മാല

● പി. വിമല

ചക്കിക്കോഴി മണ്ണിൽ
ചിക്കിച്ചികഞ്ഞപ്പോ
ഇത്തിരിപ്പോന്നൊരു
മുത്തുകിട്ടി
ഒത്തിരിചോന്നതിലൽപം
കറുത്തിട്ടു
കുന്നിക്കുരുവെന്ന
മുത്തുകിട്ടി.
മിന്നിത്തിളങ്ങുന്ന
മുത്തിപ്പോ തിന്നേണ്ട
ചക്കിയത് കോർത്തു
മാലയാക്കി.



◆◆ ആദ്യ ഇന്ത്യൻ വനിതാ രാഷ്ട്രപതി – പ്രതിഭാ പാട്ടീൽ